# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്

**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ഒക്ടോബർ 18 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## പ്രളയ പശ്ചാത്തലത്തിൽ ജില്ലയ്ക്ക് പുതുക്കിയ ദുരന്ത നിവാരണ പദ്ധതി ഒരുങ്ങുന്നു

തുടർച്ചയായ രണ്ട് വർഷങ്ങളിലുണ്ടായ പ്രളയ അനുഭവത്തെ ഉൾകൊണ്ടും ജില്ലയുടെ സവിശേഷ സാഹചര്യങ്ങളെ അടിസ്ഥാനപ്പെടുത്തിയും ജില്ലാ ദുരന്ത നിവാരണ പദ്ധതി പുതുക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിലാണിത്. ജില്ലാ കളക്ടർ അധ്യക്ഷനായ 11 അംഗ ഉപദേശക കമ്മറ്റി ഇതിനായി രൂപീകരിച്ചു. 2018 ലും 19 ലും കേരളത്തിൽ എറ്റവും രൂക്ഷമായി പ്രളയം ബാധിച്ച ജില്ലയെന്ന പശ്ചാത്തലം പദ്ധതി പുതുക്കുന്നതിൽ പ്രത്യേകം പരിഗണിക്കും. ഇതിന്റെ ഭാഗമായി പ്രളയബാധിത പ്രദേശങ്ങളുടെ മാപ്പിങ്ങ് ഉൾപ്പടെയുള്ളവ ശാസ്ത്രീയമായി നടത്തും.

നേർച്ചകൾ, ഉത്സവങ്ങൾ,പെരുന്നാളുകൾ തുടങ്ങി ആളുകൾ വലിയതോതിൽ ഒത്തുകൂടുന്ന ആഘോഷങ്ങൾ ജില്ലയിൽ കൂടുതലായതിനാൽ ഇതുമായി ബന്ധപ്പെട്ട് അപകടങ്ങൾ ഒഴിവാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകും. ഇത്തരം ആഘോഷങ്ങളുമായും മറ്റും ബന്ധപ്പെട്ട് നടക്കുന്ന വെടിക്കെട്ടുമായി ബന്ധപ്പെട്ട അപകടങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതിയിൽ പ്രത്യേകം ഊന്നൽ നൽകും. നാല് ഭാഗം ആയാണ് പദ്ധതി തയ്യാറാക്കുക. ഒന്നാം ഭാഗത്തിൽ ജില്ലയുടെ അടിസ്ഥാന വിവരങ്ങളും ദുരന്തസാധ്യതകളെയും അത്തരം പ്രദേശങ്ങളെയും സംബന്ധിച്ച വിവരങ്ങളാണ് ഉണ്ടാവുക. ഭാഗം രണ്ടിൽ ദുരന്തത്തെ നേരിടുന്നതിനുള്ള പദ്ധതികളും മുൻകരുതലുകളും മൂന്നാം ഭാഗത്തിൽ അടിയന്തിര ഘട്ടത്തിൽ ഉപയോഗിക്കാവുന്ന ഉപകരണങ്ങളെയും മറ്റും സംബന്ധിച്ച ആവശ്യമായ വിവരങ്ങളും ഉണ്ടാകും. 4-ാം ഭാഗത്തിൽ ദുരന്തങ്ങൾ ഇല്ലാത്ത സമയത്ത് നടത്തേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങളെ സംബന്ധിച്ചും മോക് ഡ്രിൽ ഉൾപ്പടെയുള്ളവ നടത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഉൾപ്പെടുത്തുക. 2015 ന് ശേഷം ആദ്യമായാണ് ജില്ലാ ദുരന്ത നിവാരണ പദ്ധതി പുതുക്കുന്നത്.

റോഡപകടങ്ങൾ വർദ്ധിച്ച് വരുന്ന പശ്ചാത്തലത്തിൽ അപകടങ്ങളുടെ കണക്കെടുക്കുകയും അപകടങ്ങൾ കൂടുതലായി നടക്കുന്ന സ്ഥലങ്ങളുടെ മാപ്പിംഗ് നടത്തുകയും ചെയ്യും. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ വിവിധ വകുപ്പുകൾക്ക് സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് ഇനത്തിൽ എത്ര തുക ലഭിച്ചു, അവ എങ്ങിനെ ചെലവഴിച്ചു എന്നീ കണക്കുകൾ പദ്ധതിയുടെ ഭാഗമായി ശേഖരിക്കും. പോലീസ്, ജിയോളജി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ്, അഗ്നിശമന സേനാ വിഭാഗം, ജലസേചന വിഭാഗം, തദേശസ്വയംഭരണ വകുപ്പ്, ഗതാഗത വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, ആരോഗ്യ വകുപ്പ്, വനം വകുപ്പ്, ഫാക്ടറീസ്& ബോയിലേഴ്സ് വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥരാണ് പദ്ധതിയുടെ ജില്ലാതല ഉപദേശക സമിതി അംഗങ്ങൾ. പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി 52 വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ യോഗം നടത്തികഴിഞ്ഞു. ഓരോ വകുപ്പിന് കീഴിലും താലൂക്ക് അടിസ്ഥാനത്തിൽ ദുരന്തങ്ങളെ നേരിടുന്നതിനായുള്ള സംവിധാനങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവയുടെ കണക്കെടുപ്പ് നിലവിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഒക്ടോബർ 20 നുള്ളിൽ ഈ വിവര ശേഖരണം പൂർത്തിയാക്കും. ദുരന്തങ്ങളെ പ്രതിരോധിക്കാനുള്ള നൂതന മാർഗങ്ങളെ സംബന്ധിച്ച നിർദേശങ്ങൾ സമർപ്പിക്കാൻ വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെയാണ് പദ്ധതി തയ്യാറാക്കുന്നത്. ജനപ്രതിനിധികൾ, മാധ്യമപ്രവർത്തകർ,

സിവിൽ സൊസൈറ്റി ഗ്രൂപ്പുകൾ, പൊതുജനങ്ങൾ എന്നിവരിൽനിന്നും അഭിപ്രായങ്ങൾ സ്വരൂപിക്കും. ഇതിൻെറ ഭാഗമായി 22 ന് സിവിൽ സൊസൈറ്റി ഓർഗനൈസേഷൻ മീറ്റിങ്ങ് നടത്തും. ഇതുവഴി ഉയർത്തുവരുന്ന നിർദേശങ്ങളും പരിഗണിച്ചാണ് ദുരന്ത നിവാരണ പദ്ധതി അന്തിമമായി പുതുക്കുക. നവംബർ അവസാനത്തോടെ പുതുക്കൽ പ്രക്രിയ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പൊതുജനങ്ങൾക്ക് തങ്ങളുടെ അഭിപ്രായങ്ങൾ ddmpthrissur@gmail.com എന്നവിലാസത്തിൽ അയയ്ക്കാം.

## അടിയന്തര യോഗം ഇന്ന് (ഒക്ടോബർ 19)

ശക്തമായ ഇടിമിന്നലിനും മഴയ്ക്കും സാധ്യതയെന്ന കാലാവസ്ഥ മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ ജില്ലയിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ ചർച്ച ചെയ്യുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം ഇന്ന് (ഒക്ടോബർ 19) ഉച്ച 12.30 ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## വനഭൂമി പട്ടയം:
## സർവേ വിഭാഗത്തിന് ജിപിഎസ് ലഭ്യമാക്കി

ജില്ലയിലെ വനഭൂമി പട്ടയം അപേക്ഷകൾ കേന്ദ്രാനുമതിക്ക് നൽകാനായി സ്ഥലങ്ങളുടെ ജിയോ റെഫറൻസ് സ്കെച്ച് തയാറാക്കാൻ ഉപഗ്രഹ സംവിധാനം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ജി.പി.എസ് മെഷീനുകൾ ജില്ലയിലെ സർവേ വിഭാഗത്തിന് ലഭ്യമാക്കി. കെൽട്രോൺ മുഖേനയാണ് പത്ത് ഹാൻഡ് ഹെൽഡ് ജി.പി.എസുകൾ ലഭ്യമാക്കിയത്. ജി.പി.എസ് സർവേ ടീമിനുള്ള പരിശീലനം നവംബർ ആദ്യവാരം നടത്തും. വെള്ളിയാഴ്ച സർവേ ഡെപ്യൂട്ടി ഡയറക്ടർ പി.കെ നളിനി ജി.പി.എസ് ഏറ്റുവാങ്ങി. ജില്ലാ കളക്ടർ എസ്. ഷാനവാസ് ജി.പി.എസ് ഉപയോഗിച്ചുള്ള സർവേയുടെ പ്രവർത്തനം പരിശോധിച്ചു. കെൽട്രോൺ ജി.പി.എസ് സ്പെഷലിസ്റ്റ് എം. സുധീർ പ്രാഥമിക പരിശീലനം നൽകി. സർവേ ടീമിന്റെ പരിശീലനത്തിന് ശേഷം നവംബറിൽ സർവേ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷ. ജില്ലാ കളക്ടറുടെ നിർദേശ പ്രകാരം രണ്ട് ലക്ഷത്തോളം രൂപ ചെലവഴിച്ചാണ് ജി.പി.എസ് ഉപകരണങ്ങൾ വാങ്ങിച്ചത്.

നിലവിൽ ടോട്ടൽ സ്റ്റേഷൻ മെഷീൻ ഉപയോഗിച്ചുള്ള ഡിജിറ്റൽ സർവേ പതിനാലോളം ടീമുകളെ ഉപയോഗിച്ച് പുരോഗമിക്കുന്നുണ്ട്. ചേർപ്പ്, തൃശൂർ, വടക്കാഞ്ചേരി സർവേ സൂപ്രണ്ട് ഓഫീസുകളുടെയും ജില്ലാ സർവേ സൂപ്രണ്ട് ഓഫീസിന്റെയും പരിധികളിലാണ് ഡിജിറ്റൽ സർവേ നടക്കുന്നത്.

കേന്ദ്ര പതിവ് ലിസ്റ്റിന് വേണ്ടി സംയുക്ത പരിശോധന നടത്തി അയച്ചെങ്കിലും സാങ്കേതിക കാരണങ്ങളാൽ കേന്ദ്ര സർക്കാർ തിരിച്ചയച്ച ആയിരത്തിലേറെ ഹെക്ടർ ഭൂമിയുടെ പട്ടയാപേക്ഷകൾ പരിഗണയിലാണ്. ഇവ ജി.പി.എസ് സംവിധാനത്തോടെ സർവേ നടത്തി ഓൺലൈനായി അപേക്ഷിച്ചാൽ മാത്രമേ അനുവാദം നൽകാൻ കഴിയൂ എന്ന് കേന്ദ്ര വനംവകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ അപേക്ഷകൾ വീണ്ടും അയക്കാനാണ് സർവേ നടത്തുന്നത്.

## പാലിയേക്കര ടോൾ പ്ലാസയിൽ ആംബുലൻസിന്
## മാർഗ്ഗതടസ്സം: ബസ് ഡ്രൈവർക്കെതിരെ കേസ്

പാലിയേക്കര ടോൾ പ്ലാസയിൽ ആംബുലൻസ് വാഹനത്തിന് മാർഗ്ഗതടസ്സം സൃഷ്ടിച്ച ബസ് ഡ്രൈവർക്കെതിരെ കേസെടുത്തു. തൃശ്ശൂർ-വരന്തരപ്പിള്ളി വഴി കോടാലിക്ക് സർവീസ് നടത്തുന്ന കുയിൽലെൻസ് ബസിന്റെ ഡ്രൈവർക്കെതിരെയാണ് ജില്ലാ മോട്ടോർ വാഹന വകുപ്പ് കേസെടുത്തത്. ബുധനാഴ്ച വൈകീട്ട് ആറു മണിക്കാണ് സംഭവം. പിറ്റേന്ന് രാവിലെയും ഇതേ ബസ് ടോൾപ്ലാസയിൽ വരി തെറ്റിച്ചു കയറാനും ശ്രമം നടത്തി. ഇത് ശ്രദ്ധയിൽ പെട്ട ജില്ലാ എൻഫോഴ്സ്മെന്റ് ആർടിഒ ഷാജി മാധവനാണ് കേസെടുക്കാൻ നിർദ്ദേശം നൽകിയത്. തുടർന്ന് സ്ക്വാഡ് എം.വി.ഐമാരായ ശ്രീനിവാസ് ചിദംബരം എം.എം, ഇന്ദുധരൻ എം.പി എന്നിവർ ടോൾ പ്ലാസ യിലെ വീഡിയോ ദൃശ്യങ്ങൾ പരിശോധിച്ചു, ഡ്രൈവർ മേലൂപാടം സ്വദേശി ജയദേവൻ കൃഷ്ണനെതിരെ കേസ് എടുത്തു നടപടിക്ക് ശുപാർശ ചെയ്തു.

ആംബുലൻസിനും, മറ്റ് അടിയന്തര ആവശ്യങ്ങൾക്കും പോകേണ്ട വാഹനങ്ങൾക്ക്

മാർഗതടസം ഉണ്ടാക്കുന്ന വാഹനങ്ങൾക്ക് പുതിയ നിയമപ്രകാരം 10000 രൂപയാണ് പിഴ. ശിക്ഷാ നടപടികളുടെ ഭാഗമായി ആയി ഡ്രൈവറെ റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസിൽ പങ്കെടുക്കാനായി മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള ഡ്രൈവർ ട്രെയിനിംഗ് സെന്റർ ആയ എടപ്പാൾ ഐ.ഡി.ടി.ആറിലേക്ക് അയച്ചു. ഇത്തരത്തിൽ ഉള്ള നിയമ ലംഘനം ഉണ്ടായാൽ കർശന നടപടികൾ സ്വീകരിക്കും എന്നും സ്മാർട്ട് എൻഫോഴ്സ്മെന്റ് ആർടിഒ അറിയിച്ചു.

## കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം

എസ്എംഎഎം പദ്ധതി പ്രകാരം ആർത്താറ്റ് കൃഷിഭവനിൽ നിന്നും കാർഷിക ഉപകരണങ്ങളായ കാടുവെട്ടു മെഷീൻ, ചെയിൻ സോ, ട്രാക്ടർ, പവർ ടില്ലർ തുടങ്ങിയവ വാങ്ങുന്നതിനുള്ള ധന സഹായം ലഭിക്കുന്നതിന് ഇപ്പോൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. www.agrimachinery.nic.in എന്ന വെബ്സൈറ്റിൽ കയറി രജിസ്ട്രേഷൻ മെനുവിൽ ക്ലിക്ക് ചെയ്യുക, തുടർന്ന് farmer എന്ന ഓപ്ഷൻ ക്ലിക്ക് ചെയ്താൽ ലഭിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരമാണ് രജിസട്രേഷൻ പൂർത്തിയാക്കേണ്ടത്.

ആധാർ, നികുതി രസീത്, പാസ്പോർട്ട് സൈസ് ഫോട്ടോ, ബാങ്ക് പാസ്ബുക്ക്, വോട്ടേഴ്സ് ഐ ഡി എന്നിവ രജിസ്ട്രേഷന് നിർബന്ധമാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്നവർക്കുമാത്രമേ പദ്ധതി പ്രകാരം ഇനി മുതൽ ധനസഹായം ലഭിക്കൂ. രജിസ്റ്റർ ചെയ്ത അപേക്ഷകളിൽ അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ യന്ത്രങ്ങൾ വാങ്ങാൻ സാധിക്കുവെന്ന് കൃഷി ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9846110334.

## അത്യാഹിതങ്ങളെ നേരിടാം;
## സോദാഹാരണ പഠന ക്ലാസ്സ് ഇന്ന് (19)

അത്യാഹിതങ്ങളെ എങ്ങനെ നേരിടാം എന്ന വിഷയത്തിൽ കടവല്ലൂർ ഗ്രാമപഞ്ചായത്ത് കുന്നംകുളം പ്രസ് ക്ലബ്ബ്, അഗ്നിരക്ഷാസേന, പോലീസ്സേന, കെഎസ്ഇബി, ആരോഗ്യ വകുപ്പ്, എക്സൈസ് വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഇന്ന് (ഒക്ടോബർ 19) സോദാഹാരണ പഠന ക്ലാസ്സ് സംഘടിപ്പിക്കും. രാവിലെ ഒൻപതു മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ കടവല്ലൂർ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കുന്ന ക്ലാസ് ദുരന്തനിവാരണ സേന അംഗങ്ങൾക്കും കുടുംബശ്രീ പ്രവർത്തകർക്കും സാമൂഹിക പ്രവർത്തകർക്കും വേണ്ടിയാണ് സംഘടിപ്പിക്കുന്നത്. കുന്നംകുളം എ സി പി സി.പി. സിനോജ് ഉദ്ഘാടനം ചെയ്യും. കടവല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് യു.പി ശോഭന അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്തംഗം കെ. ജയശങ്കർ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ. ഇ സുധീർ എന്നിവർ പങ്കെടുക്കും.

## ക്വട്ടേഷൻ

ചേലക്കര ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 31. ഫോൺ: 04884 253090.

## ബോധവത്കരണ സെമിനാർ 21 ന്

ജില്ലാ പട്ടികജാതി വികസന ഓഫീസിന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി പട്ടികവർഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ സംബന്ധിച്ച ബോധവൽക്കരണ സെമിനാർ സംഘടിപ്പിക്കുന്നു. സെമിനാർ ഒക്ടോബർ 21 രാവിലെ 10.30 ന് തൃശൂർ ടൗൺ ഹാളിൽ ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്യും. ജില്ലാ പോലീസ് മേധാവി (റൂറൽ) പി കെ വിജയകുമാരൻ അദ്ധ്യക്ഷത വഹിക്കും. കേരള ഹൈക്കോടതി ഗവ. പ്ലീഡർ അഡ്വ. എൽ ജി സുരേഷ്ബാബു വിഷയാവതരണം നടത്തും. പട്ടികജാതി പട്ടികവർഗ സംഘടനാ പ്രതിനിധികൾ, ജില്ലാ ഉപദേശക സമിതി അംഗങ്ങൾ, ജില്ലാ വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി അംഗങ്ങൾ, സമുദായ നേതാക്കൾ, പട്ടികജാതി പട്ടികവർഗ പ്രമോട്ടർമാർ എന്നിവർ പങ്കെടുക്കും.

# പരാഗണ തൊഴിലാളികളെ നിയമിക്കുന്നു

കൃഷി വകുപ്പ് അത്യുൽപാദന ശേഷിയുള്ള വിത്തുതേങ്ങകൾ ഉൽപാദിപ്പിക്കുന്നതിലേക്കായി പരിചയ സമ്പന്നരായ തെങ്ങുകയറ്റ തൊഴിലാളികളെ പരാഗണ തൊഴിലാളികളായി താൽക്കാലികമായി നിയമിക്കുന്നു. അഭിമുഖം നടത്തുന്ന തീയതി, സമയം, സ്ഥലം യഥാക്രമത്തിൽ. ഒക്ടോബർ 28-രാവിലെ 10.30-ചാവക്കാട് വിത്ത് വികസന ഓഫീസ്, 30-രാവിലെ 10.30-നാട്ടിക കൃഷി ഭവൻ, 31-രാവിലെ 10.30-അയ്യന്തോൾ കൃഷി ഭവൻ. അപേക്ഷയോടൊപ്പം പ്രായം, ശാരീരിക ക്ഷമത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പ് സഹിതമുള്ള അപേക്ഷ ഒക്ടോബർ 25 നകം നൽകണം. കൂടുതൽ വിവരങ്ങൾക്ക് വിത്ത് വികസന ഓഫീസിലോ തൃശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിലോ നിന്ന് അറിയാം. ഫോൺ: 0487-2333297.

# മാധ്യമ കോഴ്സ്

തിരുവനന്തപുരം സി-ഡിറ്റിൽ വെബ് ഡിസൈൻ, നോൺ ലീനിയർ എഡിറ്റിങ്, ഡിജിറ്റൽ സ്റ്റിൽ ഫോട്ടോഗ്രാഫി എന്നീ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 26. ഫോൺ: 0471-2721917, 8547720167, 9388942802.

# കോഴിക്കുഞ്ഞ് വിതരണവും സ്കൂൾ പൗൾട്രി ക്ലബ് ഉദ്ഘാടനവും

ജില്ലാ മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെന്ത്രാപ്പിന്നി ഹയർ സെക്കന്ററി സ്കൂളിൽ കോഴിക്കുഞ്ഞ് വിതരണവും സ്കൂൾ പൗൾട്രി ക്ലബ്ബ് ഉദ്ഘാടനവും നടത്തി. എടത്തിരുത്തി പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വിതരണം. 50 കുട്ടികൾക്കാണ് കോഴിക്കുഞ്ഞുങ്ങളെ നൽകിയത്. അഞ്ച് കോഴിക്കുഞ്ഞും രണ്ട് കിലോ തീറ്റയും വീതമാണ് നൽകിയത്. എടത്തിരുത്തി പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ് പൗൾട്രി ക്ലബ്ബ് ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് വി.കെ.ജ്യോതി പ്രകാശ് അധ്യക്ഷത വഹിച്ചു. എടത്തിരുത്തി വെറ്റിനറി സർജൻ ഡോ.സാജു ജോർജ് പദ്ധതി വിശദീകരണം നടത്തി. വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ഗീതാ മോഹൻദാസ്, ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ടി.വി. മനോഹരൻ, അധ്യാപകൻ സജീവ്, കെ.കെ.മധു എന്നിവർ സംസാരിച്ചു.

# എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ വനിതാ ശാക്തീകരണകേന്ദ്രം

എടത്തിരുത്തി ഗ്രാമപഞ്ചായത്തിൽ വനിതാ ശാക്തീകരണ കേന്ദ്രം പ്രവർത്തനമാരംഭിച്ചു. സ്ത്രീശാക്തീകരണം ലക്ഷ്യം വെക്കുന്നതോടൊപ്പം ലിംഗസമത്വം കൂടി ഉറപ്പാക്കുന്ന കേന്ദ്രമായി ഇത് വർത്തിക്കും. സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും ലിംഗപദവിയെക്കുറിച്ചുള്ള പഠനത്തോടൊപ്പം അവരുടെ മാനസിക-കുടുംബ പ്രശ്നങ്ങൾക്ക് കൗൺസിലിങ്ങ് ഉൾപ്പെടെയുള്ള സേവനങ്ങൾ ഇവിടെ ലഭിക്കും. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളെ ചെറുക്കുന്നതിനും അതിന് ഇരയായവർക്ക് ആവശ്യമായ നിയമപരിരക്ഷ ഉറപ്പ് വരുത്താനും ഈ കേന്ദ്രം സഹായിക്കും. സ്ത്രീകളുടെ ഉപജീവനം, സുരക്ഷ തുടങ്ങിയവയ്ക്കായി ആവശ്യക്കാർക്ക് മാർഗ്ഗനിർദ്ദേശങ്ങളും ഇവിടെ നിന്ന് ലഭിക്കും. പഞ്ചായത്തിലെ ഐസിഡിഎസ് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. കൗൺസലിങ്ങ്, സൗജന്യ നിയമ സഹായം എന്നിവ കൂടാതെ തൊഴിൽ പരിശീലനങ്ങൾ, ബോധവത്ക്കരണ ക്ലാസ്സുകൾ തുടങ്ങിയ സേവനങ്ങളും സെന്ററിൽ നിന്നും ലഭ്യമാകും. പഞ്ചായത്ത് കെട്ടിടത്തിലാണ് റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം. കാളിക്കുട്ടി സാംസ്കാരിക നിലയത്തിൽ നടന്ന പരിപാടിയിൽ പഞ്ചായത്ത് പ്രസിഡന്റ് ബൈന പ്രദീപ് സെന്ററിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. ക്ഷേമകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ ടി വി മനോഹരൻ അധ്യക്ഷനായി. ഐസിഡിഎസ് സൂപ്പർവൈസർ സലോമി റിപ്പോർട്ടവതരിപ്പിച്ചു. ഐൻ വിനീത പദ്ധതി വിശദീകരണം നടത്തി.

## യോഗം 21 ന്

വ്യാജ മദ്യ ഉൽപ്പാദന വിതരണ വിപണനത്തിനെതിരെ പ്രവർത്തിക്കുന്ന ജില്ലാതല ജന കീയ കമ്മിറ്റി യോഗം ഒക്ടോബർ 21 വൈകീട്ട് നാലിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## ബോധവൽക്കരണ ക്ലാസ്

അന്തിക്കാട് പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ബോധവത്കരണ ക്ലാസ്സ് നടത്തി. ക്ഷീര വികസനവകുപ്പ് തൃശൂർ ജില്ലാ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെയും അന്തിക്കാട് പാൽ വിതരണ സഹകരണ സംഘത്തിന്റെയും ആഭിമുഖ്യത്തിലാണ് പാൽ ഗുണമേന്മയെ കുറിച്ച് ബോധവൽക്കരണ ക്ലാസ്സ് നടത്തിയത്. അന്തിക്കാട് പഞ്ചായത്ത് പ്രസിഡന്റ് എ വി ശ്രീവത്സൻ ഉദ്ഘാടനം ചെയ്തു. സംഘം വൈസ് പ്രസിഡന്റ് കെ കെ പ്രദീപ് കുമാർ അധ്യക്ഷനായി. ഗുണ നിയന്ത്രണ ഓഫീസർ എൻ വീണ ഭക്ഷ്യ സുരക്ഷയും പാലിന്റെ ഗുണമേന്മ വർധനയും എന്ന വിഷയത്തിലും ക്ഷീരവികസന ഓഫീസർ വി ശ്രീജയും പാലിൻ മേന്മ നാടിൻ നന്മ എന്ന വിഷയത്തിലും ക്ലാസ്സ് എടുത്തു. പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ദിവാകരൻ വാലത്തു, സംഘം പ്രസിഡന്റ് കെ വി രാജേഷ്, മെമ്പർമാരായ എ ബി ബാബു, സുമൈറ ബഷീർ, സരുൺ പൈനൂർ എന്നിവർ സംസാരിച്ചു.

## കുന്നംകുളം ബസ് ടെർമിനൽ: മേൽക്കൂര നിർമ്മാണം ഉടൻ ആരംഭിക്കും

കുന്നംകുളം നഗരത്തിന്റെ സ്വപ്ന പദ്ധതിയായി ഹെർബെർട്ട് റോഡിൽ സ്ഥാപിക്കുന്ന പുതിയ ബസ് ടെർമിനലിന്റെ നിർമാണം പുരോഗമിക്കുന്നു. മന്ത്രി എ.സി. മൊയ്തീന്റെ എം എൽ എ ആസ്തി വികസന ഫണ്ടിൽ നിന്ന് 4.35 കോടി രൂപയും നഗരസഭ വായ്പയെടുത്ത എട്ട് കോടി രൂപയും ചെലവഴിച്ചാണ് ബസ് ടെർമിനൽ കം ഷോപ്പിങ് കോംപ്ലക്സ് നിർമിക്കുന്നത്. കെട്ടിടത്തിനുള്ള തൂണുകളുടെ അടിത്തറയുടെ ബലപരിശോധനയാണ് ആദ്യം പൂർത്തിയാക്കിയത്. അടുത്ത ഘട്ടമെന്നോണം മേൽക്കൂര നിർമാണം നവംബറിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

നിർദിഷ്ട ബസ്റ്റാന്റ് സ്ഥലത്ത് 56 തൂണുകളാണുള്ളത്. ഇതിൽ ആറ് തൂണുകളാണ് ടെർമിനലിന്റെയും ഷോപ്പിങ് കോംപ്ലക്സിന്റെയും ഭാരം വഹിക്കുന്നത്. പത്തടിയോളം താഴ്ചയിലാണ് ഇവ നിർമിച്ചിട്ടുള്ളത്. ഇവയുടെ നിർമാണമാണ് ആദ്യം പൂർത്തിയാക്കിയത്. നിർദി ഷ്ട ബസ്റ്റാൻഡിന്റെ സ്ഥലത്ത് സ്ഥാപിച്ചിരുന്ന പഴയ തൂണുകൾക്ക് ബലക്ഷയം സംഭവിച്ചത് പരി ശോധനയിൽ വ്യക്തമായതിനെ തുടർന്നാണ് പുതിയ തൂണുകൾ നിർമിച്ചത്. ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റിയുടെ മേൽനോട്ടത്തിലാണ് ബസ് സ്റ്റാൻഡ് നിർമാണ പ്രവർത്തന ങ്ങൾ നടക്കുന്നത്. ഡിസംബറിന് മുമ്പ് ബസ് ടെർമിനലിന്റെ പണികൾ പൂർത്തിയാക്കാനാകുമെന്ന് നഗരസഭ അധികൃതർ വ്യക്തമാക്കി.

## പൗൾട്രി ക്ലബ് ഉദ്ഘാടനം ചെയ്തു

മാള ഗ്രാമ പഞ്ചായത്ത് മൃഗ സംരക്ഷണ വകുപ്പ് വഴി സ്കൂൾ കുട്ടികൾക്ക് സൗജന്യമായി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. അഷ്ടമിച്ചിറ ഗാന്ധി സ്മാരക ഹൈസ്കൂളിൽ നടന്ന പൗൾട്രി ക്ലബ് ഉദ്ഘാടനം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗൗരി ദാമോദരൻ നിർവഹിച്ചു. സ്കൂൾ പ്രധാന അദ്ധ്യാപിക പി ലേഖ അധ്യക്ഷത വഹിച്ചു. അഞ്ചു മുതൽ പത്തു വരെയുള്ള ക്ലാസിലെ തിരഞ്ഞെടുക്കപ്പെട്ട 50 കുട്ടികൾക്ക് 60 ദിവസം പ്രായമുള്ള അഞ്ചു മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വീതം വിതരണം ചെയ്തു. അഷ്ടമിച്ചിറ മൃഗാശുപത്രി സീനിയർ വെറ്റിനറി സർജൻ ഡോ. ഷിബു പൗൾട്രി ഫീഡ് വിതരണം നടത്തി. സ്കൂൾ പിടി എ പ്രസിഡന്റ് ഇ രഞ്ജിത്ത്, ലിസി ജോസ്, കെ മധു, എം ജയശ്രീ തുടങ്ങിയവർ പങ്കെടുത്തു.

# വിതരണോദ്ഘാടനം ഇന്ന് (ഒക്ടോബർ 19)

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ  പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി, വിദേശ ജോലി തേടുന്ന പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികൾക്ക് യാത്രാചെലവ് എന്നിവയുടെ ധനസഹായം വിതരണം ചെയ്യുന്നു. ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഇന്ന് (ഒക്ടോബർ 19) വൈകീട്ട് മൂന്നിന് വിതരണോദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് നിർവഹിക്കും. വൈസ് പ്രസിഡണ്ട് എൻ കെ ഉദയപ്രകാശ് അദ്ധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് സെക്രട്ടറി കെ ഉഷാനന്ദിനി, ജില്ലാ പട്ടികജാതി വികസന ഓഫീസർ കെ സന്ധ്യ തുടങ്ങിയവർ പങ്കെടുക്കും.

# പാരലൽ കോളേജ് വിദ്യാഭ്യാസാനുകൂല്യം

ജില്ലയിലെ പാരലൽ കോളേജിൽ പ്ലസ് വൺ മുതൽ ബിരുദാനന്തബിരുദം വരെ പഠിക്കുന്ന എസ്സി, ഒഇസി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ നവംബർ 15 നകം ബന്ധപ്പെട്ട ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് നൽകണം. കൂടുതൽ വിവരങ്ങൾ ബ്ലോക്ക്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകൾ, ജില്ലാ പട്ടികജാതി വികസന ഓഫീസ് എന്നിവിടങ്ങിൽ നിന്ന് ലഭിക്കും. ഫോൺ: 0487 2362381.

# പെൺകൂട്ടായ്മയിൽ കരനെൽ കൃഷി

പെൺകൂട്ടായ്മയിൽ കൃഷി ചെയ്ത കരനെൽകൃഷി വിളവെടുത്തു. മതിലകം ഓണച്ചമ്മാവ് പടിഞ്ഞാറ് ഭാഗത്തെ കുടുംബശ്രീ വനിതകളാണ് വിളവെടുപ്പ്നടത്തിയത്. മതിലകം ശ്രീവർധിനി കുടുംബശ്രീയിലെ ജെ.എൽ.ജി ഗ്രൂപ്പിലെ അംഗങ്ങളുടെ കൂട്ടായ്മയിലാണ് ഒന്നര ഏക്കർ സ്ഥലത്ത് നെല്ല് വിളയിച്ചത്. ജ്യോതി ഇനത്തിലുള്ള വിത്താണ് വിതച്ചത്. കുമാരി വിജയൻ, ലിജി ഗോപിനാഥൻ, ഷംല നൗഷാദ്, രജനി, സോളി ലക്ഷ്മി രേഖ എന്നിവരടങ്ങുന്ന ആറ് പേരാണ് കൃഷിക്ക് നേതൃത്വം നൽകിയത്. കയ്പമംഗലം എംഎൽഎ ഇ.ടി ടൈസൺ മാസ്റ്റർ കൊയ്ത്തുത്സവം ഉദ്ഘാടനം ചെയ്തു. മതിലകം പഞ്ചായത്ത് പ്രസിഡൻറ് ഇ.ജി സുരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലി മുഖ്യാതിഥിയായിരുന്നു. വാർഡ് മെമ്പർ രഘുനാഥ്, കൃഷി ഓഫീസർ ബൈജു എന്നിവർ സംസാരിച്ചു.

# അന്തിക്കാട് കേരളോത്സവം 20 നു തുടങ്ങും

അന്തിക്കാട് ഗ്രാമപഞ്ചായത്ത് ഈ വർഷത്തെ  പഞ്ചായത്ത് തല കേരളോത്സവം ഒക്ടോബർ 20 മുതൽ 31 വരെ നടക്കും. അതിലറ്റിക്സ്, ഗെയിംസ്, കാർഷിക-കായിക-കലാ മത്സരങ്ങളാണ് അരങ്ങേറുന്നത്.  സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യത്യസ്ത മത്സരങ്ങളാണ് പതിനഞ്ചിനും നാൽപതിനും ഇടയിൽ പ്രായമുള്ളവർക്ക് മത്സരങ്ങളിൽ പങ്കെടുക്കാം. 15 വയസ്സുമുതൽ  20 വയസ്സുവരെയും 20 മുതൽ 40 വരെയും പ്രത്യേകം തരംതിരിച്ചാണ് മത്സരം. കാരമുക്ക് ഇൻഡോർ സ്റ്റേഡിയം, അന്തിക്കാട് ഗ്രൗണ്ട്,  അന്തിക്കാടിലെ  വിവിധ വേദികളിലായും മത്സരം സംഘടിപ്പിക്കും.

# മാള ഉപജില്ല സ്കൂൾ കലോത്സവം: ലോഗോ പ്രകാശനം ചെയ്തു

മാള ഉപജില്ലാ സ്കൂൾ കലോത്സവത്തിന്റെ ലോഗോ പ്രകാശനം  പഞ്ചായത്ത് പ്രസിഡണ്ട് ശോഭ സുഭാഷ് നിർവഹിച്ചു. സൊക്കോഴ്സോ കോൺവെന്റ് ഹയർ സെക്കണ്ടറി സ്കൂൾ വേദിയിൽ എഇഒ ഇൻ ചാർജ്ജ് ടി ബി സുനിൽ അദ്ധ്യക്ഷത വഹിച്ചു. ഭാരവാഹികളായ സി ലയ (ജന. കൺവീനർ) എ.എ.അഷ്റഫ് (പബ്ലിസിറ്റി കമ്മിറ്റി ചെയർമാൻ) റോണി.കെ.മാവേലി (വികസന സമിതി ചെയർമാൻ) മുഹമ്മദ് റാഫി (പ്രോഗ്രാം കമ്മിറ്റി ചെയർമാൻ) ഇ.കെ.സാബു, സി.ജെ.ബേബി, എം.ബി.സുരേഷ്, പി.എ.ഷാനവാസ്, സി.ജൂലി (മദർ സുപ്പീരിയർ) തുടങ്ങിയവർ

പങ്കെടുത്തു. ഒക്ടോബർ 26, 28, 29, 30 എന്നീ ദിവസങ്ങളിലായി എസ് സി ജി എച്ച് എസ് സ ്കൂളിലാണ് കലോത്സവം നടക്കുക.

## വിമുക്തി: ലഹരി വിരുദ്ധ ക്ലബ് ഉദ്ഘാടനം ചെയ്തു

എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ഗവ. മെഡിക്കൽ കോളേജും ഡെന്റൽ കോളേജും നഴ്സിങ് കോളേജും സംയുക്തമായി മെഡിക്കൽ കോളേജ് ക്യാമ്പസിൽ ലഹരി വിരുദ്ധ ക്ലബ് രൂപീകരിച്ചു. ഗവ. മെഡിക്കൽ കോളേജ് അലുംനി ഓഡിറ്റോറിയത്തിൽ എക്സൈസ് കമ്മീഷണർ എസ് ആനന്ദകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. എം എ ആൻഡ്രൂസ് അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പി കെ സാനു, ഡെന്റൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജോളി മേരി വർഗ്ഗീസ്, നഴ്സിങ് കോളേജ് പ്രിൻസിപ്പൽ ഡോ. സുജമോൾ സ്കറിയ, സൈക്യാട്രി വകുപ്പ് മേധാവി ഡോ. കെ എസ് ഷാജി, മെഡിക്കൽ കോളേജ് പിടിഎ പ്രസിഡണ്ട് സജി പോൾ എന്നിവർ പങ്കെടുത്തു. സമീപത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് ശാസ്ത്രീയ അവബോധം സൃഷ്ടിക്കുക എന്നതാണ് ക്ലബ് ലക്ഷ്യമിടുന്നത്.